**കേരള സംസഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ക്ളിപ്തം**
**ചലച്ചിത്ര കലാഭവൻ, വഴുതക്കാട്, തിരുവനന്തപുരം-695 014**
**ഫോൺ: 0471-2325325, 2321586**
**e-mail:ksfdc.asianetindia.com, www.ksfdc.in**

No.236/T1/17/KSFDC തീയതി: 05.06. 2017

## ടെണ്ടർ നോട്ടീസ്

സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള നോർത്തു പറവൂരിൽ നവീകരണം പൂർത്തിയാക്കി പ്രവർത്തനം തുടങ്ങുന്ന കൈരളി, ശ്രീ തിയേറ്റർ, കോഴിക്കോട് കൈരളി ശ്രീ തിയേറ്റർ എന്നിവിടങ്ങളിൽ വാച്ച് ആൻഡ് വാർഡ് (സെക്യൂരിറ്റി ഗാർഡ്) സേവനം കരാർ വ്യൂവസ്ഥയിൽ ഉപയോഗപ്പെടുത്താൻ തീരുമാനിച്ചിരിക്കുന്നു. ഇതിനായി ഈ രംഗത്ത് സ്തുത്യൂർഹരായ നിലയിൽ പ്രവർത്തിക്കുന്ന ഏജൻസികളിൽ നിന്നും മൽസര സ്വഭാവമുള്ള പ്രത്യേകം പ്രത്യേകം ടെൻഡറുകൾ ക്ഷണിക്കുന്നു.

<u>വ്യൂവസ്ഥകൾ</u>

1) കോഴിക്കോട്, നോർത്ത് പറവൂർ കൈരളി, ശ്രീ തിയേറ്ററുകളിൽ (കൈരളി ശ്രീ കോംപ്ളക്സ്), സെക്യൂരിറ്റി ഗാർഡിന്റെ സേവനം ആവശ്യമുള്ളത്. സമാനസ്ഥാപനങ്ങളിൽ (തിയേറ്ററുകൾ, മാളുകൾ തുടങ്ങിയ സ്ഥാപനങ്ങൾ) ഈ രംഗത്ത് അഞ്ച് വർഷത്തിൽ കുറയാത്ത സേവന പരിചയം ഉള്ളവർ മാത്രം ടെൻഡർ സമർപ്പിച്ചാൽ മതിയാകുന്നതാണ്. ടെണ്ടറിനോടൊപ്പം പ്രവർത്തിപരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സമർപ്പിക്കേണ്ടതാണ്. നിരതദ്രവ്യം ഇല്ലാത്ത ടെൻഡറുകൾ സ്വീകരിക്കുന്നതല്ല.

2) കോഴിക്കോട്, കൈരളി ശ്രീ തിയേറ്ററുകളുടെ പ്രദർശനം രാവിലെ 11 മണി മുതൽ ആരംഭിക്കും. രാവിലെ 10.30 മണി മുതൽ രാത്രി 10.30 മണി വരെ മൂന്ന് വാച്ച് ആൻഡ് വാർഡ് മൂന്ന് ഗേറ്റുകളിലായി പ്രവർത്തിക്കണം. കൂടാതെ ഒരാൾ പ്രധാന പ്രവേശന കവാടത്തിനു് സമീപം **24** മണിക്കൂർ ഗാർഡ് ഡ്യൂട്ടിയിലുണ്ടാകണം. അതുപോലെ നോർത്ത് പറവൂർ തിയേറ്ററിന്റെ പ്രദർശനം രാവിലെ 11 മണിക്ക് ആരംഭിക്കും. രാവിലെ 10.30. മുതൽ രാത്രി 10.30 വരെ രണ്ട് വാച്ച് ആന്റ് വാർഡ് രണ്ടു ഗേറ്റുകളിലും ഒരാൾ പ്രധാന പ്രവേശന കവാടത്തിന് സമീപവും 24 മണിക്കൂർ ഡ്യൂട്ടിയിലുണ്ടാകണം. പന്ത്രണ്ട് മണിക്കൂർ ഡ്യൂട്ടി സമ്പ്രദായത്തിൽ മൊത്തം ഏകദേശം 8 പേരുടെ സേവനം വേണ്ടി വരുമെന്ന് കണക്കാക്കുന്നു.

3) **ടെണ്ടറിൽ പങ്കെടുക്കുന്ന ഏജൻസികളുടെ ടെണ്ടർ രണ്ട് കവറുകൾ ഉൾപ്പെട്ടതായിരിക്കണം. കവർ ഒന്നിൽ ഏജൻസിയുടെ യോഗ്യതകളും കവർ രണ്ടിൽ ഓഫർ ചെയ്യുന്ന തുകയുമായിരിക്കണം. കവർ ഒന്ന് തുറന്ന് പരിശോധിച്ച് തൃപ്തികരമെങ്കിൽ മാത്രമേ കവർ രണ്ട് തുറന്ന് പരിശോധിക്കുകയുള്ളൂ. പ്രിക്വാളിഫിക്കേഷൻ വെയിറ്റേജും ടെണ്ടർ തുകയുടെ വെയിറ്റേജുകളും ചേർത്തുവച്ചാവും ടെണ്ടറുകൾ വിലയിരുത്തി തീരുമാനം എടുക്കുക.**

**പ്രിക്വാളിഫിക്കേഷൻ നിബന്ധനകൾ ഇവയാണ്.**

i) കുറഞ്ഞത് 5 വർഷം മാളുകൾ, മൾട്ടിപ്ളക്സുകൾ, വാണിജ്യസമുച്ചയങ്ങൾ തുടങ്ങിയവയിൽ സെക്യൂരിറ്റി സേവനം നല്കിയിരിക്കണം.

ii) ഇപ്പോൾ കുറഞ്ഞത് 4 സമാന സ്ഥാപനങ്ങളിലെങ്കിലും സെക്യൂരിറ്റി സേവനം അർപ്പിച്ചുകൊണ്ടിരിക്കുന്നവരായിരിക്കണം.

4) **ടെണ്ടറിൽ പങ്കെടുക്കുന്ന ഏജൻസി സർക്കാർ നിഷ്ക്കർശിച്ചിട്ടുള്ള കൂലി വ്യവസ്ഥ അംഗീകരിക്കേണ്ടതാണ്. അതോടൊപ്പം ടെണ്ടറിൽ പങ്കെടുക്കുന്ന ഏജൻസിക്ക് ESI PF രജിസ്ട്രേഷൻ നിർബന്ധമായും ഉണ്ടായിരിക്കണം. ജീവനക്കാരുടെ PF, ESI രജിസ്ട്രേഷൻ ലിസ്റ്റും ടെണ്ടറിനൊപ്പം ഹാജരാക്കേണ്ടതാണ്.**

5) കെ.എസ്.എഫ്.ഡി.സി.യുടെ വിവിധ യൂണിറ്റുകളിൽ കരാർ കാലാവധിക്കുള്ളിൽ തൃപ്തികരമായ സേവനം നല്കാത്തതിനാൽ സേവനം അവസാനിപ്പിച്ച ഏജൻസികളുടെ ടെണ്ടർ പരിഗണിക്കുന്നതല്ല.

6) പ്രേക്ഷകരുടെ ടിക്കറ്റ് പരിശോധിച്ച് ശരിയാണെന്ന് ഉറപ്പ് വരുത്തി ഓഡിറ്റോറിയത്തിനകത്തേക്ക് കടത്തിവിടേണ്ട ചുമതലയാണ് തിയേറ്റർ ഗേറ്റിലെ വാച്ച് ആൻഡ് വാർഡ് പ്രധാനമായും നിർവഹിക്കേണ്ടത്.

7) തിയേറ്ററിൽ പ്രദർശിപ്പിക്കുന്ന സിനിമയെക്കുറിച്ചോ, റിസർവേഷനെക്കുറിച്ചോ പൊതുജനങ്ങളിൽ നിന്നും ഉണ്ടാകുന്ന സംശയങ്ങൾക്ക് ശരിയായ മറുപടി നൽകേണ്ടതും, പ്രേക്ഷകരോട് എല്ലായ്പ്പോഴും മാന്യമായും സൗഹാർദ്ദപരമായും പെരുമാറേണ്ടതുമാണ്.

8) വാച്ച് ആൻഡ് വാർഡ് ഡ്യൂട്ടി ചെയ്യുന്ന ജീവനക്കാർ നെയിംബാഡ്ജ് കൂടിയുള്ള യൂണിഫോം ധരിക്കേണ്ടതാണ്.

9) തിയേറ്ററിന്റെ മുൻവശത്ത് ഡ്യൂട്ടിയുള്ള വാച്ച് ആൻഡ് വാർഡ് തിയേറ്ററിന്റെ കോമ്പൗണ്ടിനു ചുറ്റും ഇടയ്ക്കിടെ കറങ്ങേണ്ടതും യാതൊരു തരത്തിലുള്ള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളും തിയേറ്റർ കോമ്പൗണ്ടിൽ നടക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

10) ടിക്കറ്റ് കരിഞ്ചന്തയിൽ വിൽക്കൽ, പോക്കറ്റടി എന്നിവ തിയേറ്റർ കോമ്പൗണ്ടിൽ നടക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതും അങ്ങനെ വല്ലതും കണ്ടാൽ അവരെ ഓഫീസിൽ അറിയിച്ച് പോലീസിൽ ഏൽപിക്കേണ്ടതുമാണ്.

11) രാത്രിയിലെ അവസാനത്തെ ഷോ കഴിഞ്ഞതിനുശേഷം ഓഡിറ്റോറിയത്തിൽ ആരെങ്കിലും ഉറങ്ങുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ഏതെങ്കിലും വെള്ളത്തിന്റെ ടാപ്പ് തുറന്നു വിട്ടിട്ടുണ്ടോ അനാവശ്യമായി വല്ല ലൈറ്റും കത്തുന്നുണ്ടോ, ഫാനുകൾ കറങ്ങുന്നുണ്ടോ എന്നിവ പരിശോധിക്കേണ്ടതും ആയത് ഓഫ് ചെ യ്യേണ്ടതുമാകുന്നു.

12) ഡ്യൂട്ടി സമയത്ത് മദ്യപിക്കുകയോ, പുകവലിക്കുകയോ മാനേജരുടെ അനുവാദമില്ലാതെ കോമ്പൗണ്ടിനു പുറത്ത് പോകുകയോ പാടുള്ളതല്ല. തിയേറ്ററിന് ചീത്തപ്പേരുണ്ടാകുന്ന കൂട്ടുകെട്ടുകളിൽ ഏർപ്പെടുകയോ അവരുമായി സമ്പർക്കം പുലർത്തുവാനോ പാടുള്ള തല്ല. ഗേറ്റിൽ ഡ്യൂട്ടിയുള്ള വാച്ച് ആൻഡ് വാർഡ് പ്രദർശനം തീരുന്നതുവരെ അതാതു ഗേറ്റിന്റെ പരിസരത്ത് തന്നെ ഉണ്ടായിരിക്കേണ്ടതും കൂടെക്കൂടെ ഓഡിറ്റോറിയത്തിൽ പ്രവേശിച്ച് പുകവലി, മദ്യപാനം സ്ത്രീ **പ്രേക്ഷ**കരെ ശല്യപ്പെടുത്തൽ, മറ്റ് സാമൂഹ്യവിരുദ്ധ പ്രവർത്തികൾ എന്നിവ നടക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

13) ഡ്യൂട്ടിക്ക് ആവശ്യപ്പെടുന്ന എണ്ണം സെക്യൂരിറ്റി ഗാർഡുമാരെ കരാർ ഏജൻസി കൃത്യമായി നൽകേണ്ടതാണ്. കരാറുകാരൻ ഏർപ്പെടുത്തുന്ന തൊഴിലാളികളും മാനേജുമെന്റുമായി യാതൊരുവിധ തൊഴിലാളി തൊഴിലുടമ ബന്ധവും ഉണ്ടായിരിക്കുന്നതല്ല. സെക്യൂരിറ്റി ഗാർഡുമാരുടെ തൊഴിൽപരമായ പൂർണ്ണ ഉത്തരവാദിത്വം ഏജൻസിയിൽ നിക്ഷിപ്തമാണ്.

14) ഓരോ മാസത്തേയും വാച്ച് ആൻഡ് വാർഡ് ഡ്യൂട്ടി പ്രവർത്തനം മാനേജുമെന്റ് വിലയി രുത്തി തൃപ്തികരമെന്ന് കണ്ടാൽ അടുത്ത മാസം 10-ാം തീയതി ചെക്ക് മുഖേന പേയ്മെന്റ് നൽകുന്നതാണ്.

15) മുകളിൽ പറയുന്ന വ്യവസ്ഥകൾ അനുസരിച്ച് കരാർ കാലാവധി ഒരു വർഷമായിരിക്കും. ഏതെങ്കിലും വിഷയത്തിൽ വീഴ്ച കണ്ടാൽ ഒരു മാസത്തെ നോട്ടീസ് നൽകി കരാർ റദ്ദു ചെയ്യുവാൻ മാനേജുമെന്റിന് അധികാരമുണ്ടായിരിക്കും. അടിയന്തിര സാഹചര്യത്തിൽ നോട്ടീസ് കാലാവധി കുറയ്ക്കാൻ മാനേജുമെന്റിന് അധികാരമുണ്ടായിരിക്കും.

16) കരാർ ലഭിക്കുന്ന ഏജൻസികൾ നിയോഗിക്കുന്ന തൊഴിലാളികളുടെ തൊഴിൽ പരമായ പൂർണ്ണ ഉത്തരവാദിത്വം കരാർ ഏജൻസിയ്ക്കു മാത്രമായിരിക്കുന്നതാണ്. തൊഴിലാളികളും മാനേജ്മെന്റുമായി യാതൊരുവിധ തൊഴിലാളി-തൊഴിലുടമ ബന്ധവും ഉണ്ടായിരിക്കുന്ന

തല്ല. തൊഴിലാളികൾക്ക് യൂണിഫോമും ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും ഏജൻസി നൽകേണ്ടതും തൊഴിലാളികൾ അവ ധരിച്ച് തൊഴിൽ ചെയ്യുന്നു എന്നുറപ്പിക്കേണ്ടതുമാണ്. ജീവനക്കാരുടെ ബയോഡാറ്റ ഏജൻസി മുൻകൂറായി ഓഫീസിൽ ഏൽപ്പിച്ചിരിക്കണം.

17) ഏതെങ്കിലും ഗാർഡിനെ പ്രത്യേക കാരണം കൂടാതെതന്നെ മാറ്റണമെന്ന് ആവശ്യപ്പെടാൻ മാനേജുമെന്റിന് അധികാരമുണ്ടായിരിക്കുന്നതും അത്തരത്തിൽ ആവശ്യപ്പെട്ടാൽ **24** മണിക്കൂറിനകം പ്രസ്തുത ഗാർഡിനെ മാറ്റി പകരം ഗാർഡിനെ നിയോഗിക്കാൻ ഏജൻസി ബാദ്ധ്യസ്ഥമായിരിക്കുന്നതുമാണ്.

18) ഓഫീസിൽ നിന്ന് അപ്പപ്പോഴുള്ള നിർദ്ദേശങ്ങൾ ഏജൻസിയും ഗാർഡുമാരും നിർബന്ധമായും പാലിക്കേണ്ടതാണ്.

19) കരാർ ഉറപ്പിച്ചു കിട്ടുന്ന ഏജൻസി/സ്ഥാപനം ഇരുന്നൂറ് രൂപ മുദ്രപത്രത്തിൽ നിർദ്ദിഷ്ഠ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് ഒരു കരാർ ഒപ്പ് വെയ്ക്കേണ്ടതും അവരുടെ നിരതദ്രവ്യം സെക്യൂരിറ്റി ഡെപ്പോസിറ്റായി കണക്കാക്കുന്നതുമാണ്. ഈ തുക കരാർ കാലാവധി തൃപ്തികരമായി പൂർത്തിയാക്കിയതിനു ശേഷം തിയേറ്ററിന് ലഭിക്കാനുള്ള തുക ഉണ്ടെങ്കിൽ തട്ടികഴിച്ച് പലിശ രഹിതമായി തിരികെ നൽകുന്നതാണ്.

20) മുകളിൽ പറഞ്ഞിരിക്കുന്ന ഗാർഡുമാരുടെ ആവശ്യകതയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാവുന്നതാണ്. ആയതിനാൽ പന്ത്രണ്ട് മണിക്കൂർ, എട്ട് മണിക്കൂർ വ്യവസ്ഥകളിൽ ഗാർഡൊന്നിന് നൽകേണ്ട കരാർ തുകയാണ് ടെൻഡറിൽ കാണിക്കേണ്ടത്.

21) ആഡിറ്റോറിയത്തിൽ നിന്നോ തിയേറ്റർ കോമ്പൗണ്ടിൽ നിന്നോ കളഞ്ഞു കിട്ടുന്ന പ്രേക്ഷകരുടെ വസ്തുവകകൾ അപ്പപ്പോൾ തന്നെ തിയേറ്റർ മാനേജരെ ഏല്പിക്കേണ്ടതാണ്. ആയത് യഥാർത്ഥ ഉടമസ്ഥന് നൽകുന്നതിന് മാനേജമെന്റിനെ സഹായിക്കേണ്ടതുമാണ്.

<u>22) ചെക്ക്ലിസ്റ്റ്</u>

കവർ ഒന്ന് i) യോഗ്യത തെളിയിക്കുന്ന സാക്ഷ്യപത്രങ്ങൾ

ii) ഇപ്പോൾ സേവനം നല്കികൊണ്ടിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നുള്ള സാക്ഷ്യപത്രങ്ങൾ.

iii) സെക്യൂരിറ്റി സേവനത്തിനുള്ള (അധികാരികളിൽ നിന്ന്) രജിസ്ട്രേഷന്റെ പകർപ്പ്.

iv) ഇ.എസ്.ഐ., പി.എഫ്., രജിസ്ട്രേഷൻ പകർപ്പുകൾ അവസാന മാസം ഇ.എസ്.ഐ, പി.എഫ്. വിഹിതം അടച്ചതിന്റെ രേഖകളും.

v) പേ റോളിലുള്ള സെക്യൂരിറ്റി ഗാർഡുമാരുടെ പട്ടിക/ ഇതിൽ ഗാർഡുമാരുടെ പ്രായം കൂടി കാണിച്ചിരിക്കണം.

കവർ രണ്ട് - ടെണ്ടർ ഫോറം

**മാനേജിംഗ് ഡയറക്ടർ**

**<u>ടെണ്ടർ ഫാറം</u>**

(കവർ രണ്ട്)

1. ഏജൻസിയുടെ/സ്ഥാപനത്തിന്റെ പേര് :

2. പൂർണ്ണമായ മേൽവിലാസം :

3. ഫോൺ നമ്പർ :

4. മുൻപരിചയത്തിന്റെ വിശദാംശം :

5. ടെണ്ടർ ഫാറത്തിന്റെ വില അടച്ച
   തിന്റെ വിശദാംശം :

6. നിരതദ്രവ്യം അടച്ചതിന്റെ
   വിശദാംശം :

7. ഏത് യൂണിറ്റിലെ സെക്യൂരിറ്റി ടെണ്ടറിനാണ് കൈരളി/ശ്രീ കോഴിക്കോട് / നോർത്ത് പറവൂർ
   ടെണ്ടർ സമർപ്പിക്കുന്നത്

8. ആവശ്യപ്പെടുന്ന പ്രതിമാസ കരാർ തുക :

   അക്കത്തിൽ :a)12 മണിക്കൂർ വ്യവ്സ്ഥയിൽ ആളൊന്നിന്

   b)8 മണിക്കൂർ വ്യവസ്ഥയിൽ ആളൊന്നിന്

   അക്ഷരത്തിൽ :

---

വ്യവസ്ഥകൾ എല്ലാം വായിച്ച് മനസ്സിലാക്കി, അവ പൂർണ്ണമായി പാലിച്ചു കൊള്ളാമെന്ന് സമ്മതിച്ചു കൊള്ളുന്നു.

തീയതി:

ഒപ്പ്:
പേര്:
മേൽവിലാസം:

(ടെണ്ടർ ഫാറവും വ്യവസ്ഥകളും www.ksfdc.inഎന്ന വെബ് സൈറ്റിൽ നിന്നും ഡൗൺ ലോഡ് ചെയ്ത് എടുക്കാവുന്നതാണ്. അത്തരത്തിൽ എടുക്കുമ്പോൾ ടെണ്ടർ ഫാറത്തിന്റെ വില പ്രത്യേകമായി ഡിമാന്റ് ഡ്രാഫ്റ്റ് മുഖേന ടെൻഡറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്).

## ടെണ്ടർ ഷെഡ്യൂൾ

| | | |
|---|---|---|
| 1) | ഐറ്റം | : കോഴിക്കോട് / നോർത്ത് പറവൂർ കൈരളി, ശ്രീ യിൽ (കൈരളി/ശ്രീ കോംപ്ളക്സ്), വാച്ച് ആൻഡ് വാർഡ് ഡ്യൂട്ടിയുള്ള ഗാർഡുമാരെ ലഭ്യമാക്കൽ |
| 2) | ടെണ്ടർ ഫാറം | : 1500/- രൂപ + 5% വാറ്റ് നികുതി |
| 3) | നിരതദ്രവ്യം | : ഇരുപതിനായിരം രൂപ (സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ്) |
| 4) | ടെണ്ടർ വിൽക്കുന്ന സമയ പരിധി | : **20.06.17** **12 മണിവരെ** |
| 5) | ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി | : **20.06.17** **3 മണി** |
| 6) | ടെണ്ടറുകൾ തുറന്ന് പരിശോധിക്കുന്നത് | : **20.06.17** **4 മണി** |
| 7) | ടെണ്ടർ സമർപ്പിക്കേണ്ട മേൽവിലാസം | : മാനേജിംഗ് ഡയറക്ടർ, സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, വഴുതക്കാട്, തിരുവനന്തപുരം -695 014. |

**മാനേജിംഗ് ഡയറക്ടർ**